**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 82** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട ശരിയായ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ വീടുകൾ നഷ്ടപ്പെടുന്നവർ ജനാധിപത്യപരമായി സമരം ചെയ്യുമ്പോൾ അവരെ ഭീഷണിപ്പെടുത്തുകയും അനധികൃതമായി കല്ലുകൾ സ്ഥാപിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) | സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര റെയിൽവേ ബോർഡിൽനിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രീ ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് എന്ന നിലയിൽ ഭൂമി ഏറ്റെടുക്കലിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നത്. നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് ഈ പ്രവൃത്തികൾ നടക്കുന്നത്. സാമൂഹിക ആഘാതം പഠനം നടത്തുന്നതിനു മുന്നോടിയായി, സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിന് 1961 ലെ കേരള സർവേ അതിരടയാള നിയമത്തിലെ ആറ് (ഒന്ന്) വകുപ്പ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഈ നടപടിക്രമങ്ങൾ നിയമപരമാണെന്ന് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവു പുറപ്പെടുവിച്ചതുമാണ് |
| (ബി) | കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി കെ-റെയിൽ ഉദ്യോഗസ്ഥർ പോലീസ് സന്നാഹവുമായി കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ച നടപടി ശരിയാണോയെന്ന് അറിയിക്കുമോ; | (ബി) | കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച കൊണ്ടാണ് ഉദ്യോഗസ്ഥർ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നത്. |
| (സി) | യാതൊരു മുന്നറിയിപ്പുമില്ലാതെ പുരയിടങ്ങളിലും വീടുകളിലും അനധികൃതമായി കടന്നുചെന്ന് ജനങ്ങളെ ഭീഷണിപ്പെടുത്തിയതിന്റെ പേരിൽ പെട്രോൾ ഒഴിച്ച് കൂട്ട ആത്മഹത്യക്ക് ശ്രമിച്ചതിന്റെ വാർത്തകൾ ദൃശ്യമാധ്യമങ്ങളിൽ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അതിനിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ ആത്മഹത്യ പ്രേരണാകുറ്റത്തിന് നടപടിയെടുക്കുമോ; | (സി) | അതിരടയാള കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി തടസ്സപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ചില തല്പര കക്ഷികൾ നടത്തിയ കുപ്രചാരണങ്ങളുടെ ഫലമായി ചില കേന്ദ്രങ്ങളിൽ സ്ഥലം ഉടമകൾ ആത്മഹത്യാ ശ്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ശാസ്ത്രീയമായ പഠനങ്ങൾ നടത്താതെയും വൻ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പാലിക്കേണ്ട | (ഡി) | പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയാറാക്കുന്നതിന്റെ ഭാഗമായി എല്ലാ വിധ ശാസ്ത്രീയ |

| | | | |
|---|---|---|---|
| | നടപടിക്രമങ്ങൾ പൂർത്തിയാക്കാതെയും ജനങ്ങളെ വേണ്ടവിധത്തിൽ ബോധ്യപ്പെടുത്താതെയും ഭീഷണിപ്പെടുത്തിയും മുന്നോട്ടു പോകുമ്പോൾ ഇതുപോലുള്ള ആത്മഹത്യകൾ നടന്നാൽ അതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കുമോ? | | പഠനങ്ങളും നടത്തിയിട്ടുണ്ട്. റെയിൽവേ ബോർഡ് തത്വത്തിൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് സാമൂഹിക ആഘാത പഠനത്തിനു വേണ്ടി അലൈൻമെന്റിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള സംശയങ്ങളും ആശങ്കകളും ദൂരീകരിച്ചു കൊണ്ട് പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ